**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1275 04.02.2019-ൽ മറുപടിക്ക്**

## സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റുമാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ നിയമനം ലഭിച്ചിട്ടുള്ള എത്ര ലാബ് അസിസ്റ്റന്റുമാർ, ലാബ് അറ്റൻഡർ ടെസ്റ്റ് പാസ്സായിട്ടുണ്ട്;വിശദാംശം നൽകുമോ; | (എ) 2015-ൽ പി.എസ്.സി നടത്തിയ ലാബ് അറ്റൻഡർ ടെസ്റ്റിൽ സർക്കാർ /എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ജോലി നോക്കിവരുന്ന 227 ലാബ് അസിസ്റ്റന്റുമാർ ടെസ്റ്റ് പാസ്സായിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ മാത്രമായി തരംതിരിച്ച് പി.എസ്.സി റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) അൻപത് വയസ്സിന് മുകളിൽ പ്രായമുള്ളവരെ ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ; | (ബി) ഉണ്ട്. |
| (സി) എസ്. എസ്. എൽ. സി യോഗ്യത മാത്രമുള്ള പരീക്ഷ പാസ്സായി വരുന്ന ജീവനക്കാർക്ക് ഡിഗ്രി ലെവൽ പരീക്ഷ പ്രയാസകരമാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ 15 വർഷം സർവീസ് പൂർത്തിയാക്കിയവരും 40 വയസ്സിന് മുകളിൽ പ്രായമുള്ളവരുമായ ലാബ് അസിസ്റ്റന്റുമാരെ ടെസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ | (ഡി) നിലവിൽ സർവ്വീസിലുള്ള ജീവനക്കാരുടെ കാര്യത്തിൽ ഒരു 'One time settlement' എന്ന രീതിയിൽ ലാബ് അറ്റന്റേഴ്സ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥ ഒഴിവാക്കി മറ്റ് തരത്തിൽ യോഗ്യരാണെങ്കിൽ ടി ആൾക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകുന്നത് സംബന്ധിച്ചും, പ്രസ്തുത ടെസ്റ്റിനു പകരം വകുപ്പ് തലത്തിൽ തന്നെ പ്രൊബേഷൻ കാലയളവിനുള്ളിൽ ഒരു 'In service training' ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ.**